# കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്
വൈദ്യുതി ഭവനം,പട്ടം
തിരുവനന്തപുരം

ടെലിഫോൺ – 0471 2514527, 2514608
ഇ മെയിൽ – pokseb@gmail.com.

No. KSEBL/SEC/PD/868/2024-CPO

തീയതി: 12.06.2026

## പരിപത്രം

**(നോട്ടീസ് ബോർഡിലേക്കും പ്രസിദ്ധീകരണത്തിനും വേണ്ടി)**

**വിഷയം:- കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫെയർ ഫണ്ടിൽ നിന്നും 2026 വർഷത്തേക്കുള്ള വിദ്യാഭ്യാസ അവാർഡ് നൽകുന്നത് – സംബന്ധിച്ച്.**

കെ.എസ്.ഇ.ബി വെൽഫെയർ ഫണ്ടിലെ വ്യവസ്ഥകൾക്കനുസൃതമായി വെൽഫെയർ ഫണ്ട് അംഗങ്ങളായ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മക്കളിൽ 2026-ലെ 10-)o ക്ലാസ്, പ്ലസ് ടു (കേരള / സി.ബി.എസ്.ഇ / ഐ.സി.എസ്.ഇ / ഐ.എസ്.സി) പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ / 90 മാർക്കോ അതിലധികമോ ലഭിച്ച വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും വിദ്യാഭ്യാസ അവാർഡിനായി അപേക്ഷകൾ ക്ഷണിക്കുന്നു. മേൽപ്പറഞ്ഞ യോഗ്യതയുള്ള 10-)o ക്ലാസ്, പ്ലസ് ടു വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്.

**അർഹരായ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ SAMAGRA Self Service – Application for Educational Award എന്ന ലിങ്ക് വഴി വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ 27.06.2026-ന് മുൻപ് സമർപ്പിക്കേണ്ടതാണ്.** ഗസറ്റഡ് ഓഫീസർ അല്ലെങ്കിൽ കെ.എസ്.ഇ.ബി ലിമിറ്റഡിലെ സീനിയർ സൂപ്രണ്ട് / ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ / അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ളവരോ അതിന് മുകളിലുള്ള ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയ പൂർണ വ്യക്തതയുള്ള മാർക്ക് ലിസ്റ്റിന്റെയും, അതിനോടൊപ്പം വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പാസ് ബുക്കിന്റെയും പകർപ്പുകൾ SAMAGRA-യിൽ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

എ.ആർ.യു.-വിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ സീനിയർ അസിസ്റ്റന്റും സീനിയർ സൂപ്രണ്ടും അപ്‌ലോഡ് ചെയ്ത മേൽരേഖകൾ പരിശോധിച്ച്, എ.ആർ.യു. മേധാവി അവാർഡിനുള്ള അർഹത ഉറപ്പുവരുത്തി തുടർനടപടികൾക്കായി SAMAGRA വഴി സബ്മിറ്റ് ചെയ്യേണ്ടതാണ്.

2026 മാർച്ച് / ഏപ്രിൽ / മേയ് മാസങ്ങളിൽ വിരമിച്ച ജീവനക്കാരുടെ മക്കൾ യഥാക്രമം 10-)o ക്ലാസ്, പ്ലസ് ടു (കേരള / സി.ബി.എസ്.ഇ / ഐ.സി.എസ്.ഇ / ഐ.എസ്.സി) എന്നീ വിഭാഗങ്ങളിലെ വിദ്യാഭ്യാസ അവാർഡിന് അപേക്ഷിക്കുവാൻ യോഗ്യതയുള്ളവരാണെങ്കിൽ, അത്തരം ജീവനക്കാർ ഇതോടൊപ്പം ഉൾചേർത്തിട്ടുള്ള നിർദ്ദിഷ്ട ഫോറത്തിൽ വിദ്യാഭ്യാസ അവാർഡിന് അപേക്ഷിക്കേണ്ടതാണ്. എ.ആർ.യു. മേധാവി പ്രസ്തുത മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ വ്യക്തമായ പകർപ്പുകളും, വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ അടങ്ങിയ പാസ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം സെക്രട്ടറി, കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫെയർ ഫണ്ട്, പേഴ്സണൽ ഡിപ്പാർട്ട്മെന്റ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695004 എന്ന വിലാസത്തിൽ 27.06.2026-നോ അതിനു മുൻപോ ലഭ്യമാക്കേണ്ടതാണ്. എ.ആർ.യു. മേധാവി സാക്ഷ്യപ്പെടുത്താത്തതും, വ്യക്തമല്ലാത്ത അനുബന്ധരേഖകൾ ഉൾപ്പെടുന്നതുമായ അപേക്ഷകളും, 27.06.2026-ന് ശേഷം ലഭിക്കുന്നതും, മുകളിൽ പറഞ്ഞിരിക്കുന്ന പരീക്ഷാ യോഗ്യതകൾ കരസ്ഥമാക്കാത്തതും, വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകാത്തതും, നിർദ്ദിഷ്ട ഫോറത്തിലല്ലാത്തതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ ഈ വിഷയമെത്തിക്കുന്നതിനായി എ.ആർ.യു. മേധാവികൾ അവരുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിൽ ടി പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനും, വിവിധ ഓഫീസുകളിലെ സൺറൈസ് / സ്റ്റാഫ് മീറ്റിംഗുകളിൽ പ്രസ്തുത വിഷയം അവതരിപ്പിക്കുന്നതിനും, ഹാജർ പുസ്തകത്തിൽ പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകേണ്ടതാണ്.

മുൻ വർഷങ്ങളിൽ അവാർഡ് വിവരം യഥാസമയം അറിഞ്ഞില്ലായെന്ന് ജീവനക്കാരിൽ നിന്നും പരാതി ഉയർന്നിരുന്ന സാഹചര്യത്തിൽ, മേൽ നിർദ്ദേശങ്ങൾ എല്ലാ ഓഫീസുകളിലും നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, വിദ്യാഭ്യാസ ക്യാഷ് അവാർഡ് **RTGS / NEFT** മുഖാന്തിരം മാത്രം ജേതാക്കളായ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ, വിദ്യാർത്ഥികളുടെ സജീവമായ യഥാർത്ഥ ബാങ്ക് അക്കൗണ്ട് വിവരങ്ങളാണ് അപേക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് എ.ആർ.യു. മേധാവി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

**ജീവനക്കാരിൽ നിന്നും SAMAGRA വഴി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രം അവാർഡിനായി പരിഗണിക്കുകയുള്ളൂ.** അതിനാൽ, അപേക്ഷയുടെ ഹാർഡ് കോപ്പി യാതൊരു കാരണവശാലും ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല. വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം മാത്രം സ്വീകരിക്കുന്നതിനാലും, ഇതിനുള്ള സൗകര്യം **27.06.2026**-ന് SAMAGRA-യിൽ അവസാനിക്കുന്നതിനാലും ജീവനക്കാർ നിശ്ചയിച്ചിരിക്കുന്ന സമയപരിധിക്ക് മുൻപ് തന്നെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

മേൽ സമയപരിധിക്ക് ശേഷം ഈ കാര്യാലയത്തിലേക്ക് നേരിട്ട് ലഭ്യമാക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്ന് അറിയിക്കുന്നു.

Ramahessan

**സെക്രട്ടറി**
**കെ.എസ്.ഇ.ബി ബോർഡ് എംപ്ലോയീസ് വെൽഫെയർ ഫണ്ട്**

**ഉൾച്ചേർപ്പ് :** വിരമിച്ച ജീവനക്കാർ സമർപ്പിക്കേണ്ട അപേക്ഷാ ഫോറം.